**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1196** | **04-07-2022 - ൽ മറുപടിയ്ക്ക്**

**ചെർക്കള-ജാൽസൂർ സംസ്ഥാനപാത വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചെർക്കള-ജാൽസൂർ സംസ്ഥാനപാത വികസനത്തിന് കെ.എസ്.ടി.പി. എന്തെങ്കിലും പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ചെർക്കള-ജാൽസൂർ സംസ്ഥാന പാതയുടെ ചെയിനേജ് 10/000 മുതൽ 39/138 വരെയുള്ള 29.138 കി.മീ റോഡ് ഒ.പി.ബി. ആർ.സി-4 എന്ന പാക്കേജിൽ ഉൾപ്പെടു-ത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാക്കേജിന് അനുമതി ലഭിച്ചിട്ട് എത്ര വർഷമായിയെന്നും പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരന് നൽകിയിട്ടുണ്ടോയെന്നും വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പ്രസ്തുത പാക്കേജിന് 27/02/2020-ലെ സ.ഉ (കൈ)നം.28/2020/പി.ഡബ്ല്യൂഡി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തിരുന്നു. എന്നാൽ രണ്ട് പ്രാവശ്യവും ടെണ്ടറിനു പ്രതികരണമൊന്നും ലഭിച്ചില്ല. എസ്റ്റിമേറ്റിൽ റേറ്റ് റിവിഷനും മറ്റ് നവീകരണങ്ങളും വേണ്ടി വന്നതിനാൽ എസ്റ്റിമേറ്റ് തുക ഭരണാനുമതി ലഭിച്ച തുകയെക്കാൾ അധികരിച്ചുവന്നു. അതിനാൽ പുതുക്കിയ ഭരണാനുമതി നൽകുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത പാക്കേജിന് 27/02/2020-ലെ സ.ഉ(കൈ)നം.28/2020/പി.ഡബ്ല്യൂഡി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തിരുന്നു. എന്നാൽ രണ്ട് പ്രാവശ്യവും ടെണ്ടറിനു പ്രതികരണമൊന്നും ലഭിച്ചില്ല. എസ്റ്റിമേറ്റിൽ റേറ്റ് റിവിഷനും മറ്റ് നവീകരണങ്ങളും വേണ്ടി വന്നതിനാൽ എസ്റ്റിമേറ്റ് തുക ഭരണാനുമതി ലഭിച്ച തുകയെക്കാൾ അധികരിച്ചുവന്നു. അതിനാൽ പുതുക്കിയ ഭരണാനുമതി നൽകുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | 34 കിലോമീറ്റർ ദൈർഘ്യമുള്ള ഈ അന്തർസംസ്ഥാനപാത വീതി കൂട്ടി അഭിവൃദ്ധിപ്പെടുത്തുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ചെർക്കള-ജാൽസൂർ സംസ്ഥാന പാത വികസനം നിലവിൽ ഒ.പി.ബി.ആർ.സി പാക്കേജിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ